**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 893** | **26-07-2021 - ൽ മറുപടിയ്ക്ക്**

**കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ തലമാലി ട്രൈബൽ സെറ്റിൽമെന്റിൽ താമസിക്കുന്ന മന്നാൻ, ഉള്ളാടർ, മലയരയൻ എന്നീ സമുദായത്തിൽപ്പെട്ട ആളുകളുടെ ഭൂമി ഇതരവിഭാഗക്കാർ പാട്ടത്തിനെടുത്തും അനധികൃതമായി കയ്യേറിയും കൃഷി ചെയ്തു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കയ്യേറ്റം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | കയ്യേറിയ ഭൂമി തിരിച്ചു പിടിച്ച് യഥാർത്ഥ ഭൂവുടമകൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കയ്യേറ്റമുള്ളതായി കണ്ടെത്തുന്ന പക്ഷം, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും, കയ്യേറിയ ഭൂമി പുന:സ്ഥാപിച്ച് നൽകുന്നതിനും '1999 ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും, പുനരവകാശ സ്ഥാപനവും' നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ